"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ്-വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിനു 2024-25 സാമ്പത്തിക വർഷം റീ-ക്ലാസിഫിക്കേഷനെത്തുടർന്ന് പുതുതായി ആരംഭിച്ച 2401-00-188-99-00-31-NP , 2401-00-188-99-00-36-NP എന്നീ ശീർഷകങ്ങളിൽ നിന്നും നോൺ പ്ലാൻ ഗ്രാന്റ് ഇൻ എയ്ഡ് ഫണ്ട് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

---

കൃഷി (പി ബി) വകുപ്പ്

G.O.(Rt)No.1127/2024/AGRI തീയതി,തിരുവനന്തപുരം, 29-11-2024

---

പരാമർശം:-

1. **സ.ഉ. (കൈ)നം.37/2024/ധന തീയതി 23.03.2024**
2. സ ഉ (സാധാ )നമ്പർ 851/2024/കൃഷി തീയതി 10/09/2024.
3. സ ഉ (സാധാ )നമ്പർ 4362/2024/ധന തീയതി 31/05/2024.
4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ADFW/11020/2024/FIN4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

**2024-25** സാമ്പത്തിക വർഷം **VFPCK** - യ്ക്കു **2401-00-119-82-00-31 (NP)** ശീർഷകത്തിൽ **14.0994** ലക്ഷം രൂപയും **2401-00-119-82-00-36 (NP)** ശീർഷകത്തിൽ **3.822** ലക്ഷം രൂപയും റിലീസ് ചെയ്യുന്നതിന് സൂചന **2** പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ ചില ശീർഷകങ്ങൾ അവയുടെ പ്രവർത്തനവുമായി അടുത്ത ബന്ധമുള്ള മറ്റ് അനുയോജ്യമായ മൈനർ ശീർഷകങ്ങളിലേക്ക് പുനഃക്രമീകരിക്കുകയും നിലവിലുള്ള ശീർഷകങ്ങൾക്കു പകരം പുതിയ ശീർഷകങ്ങൾ തുടങ്ങുന്നതിന് സൂചന **1** പ്രകാരം അനുമതി നൽകുകയും ചെയ്തതിനെ തുടർന്ന് **VFPCK** - യുടെ **2401-00-119-82** എന്ന ശീർഷകം **2401-00-188-99** എന്നതിലേയ്ക്ക് റീ-ക്ലാസിഫൈ ചെയ്യുകയും മുൻ ശീർഷകങ്ങളിലുണ്ടായിരുന്ന ബജറ്റ് വിഹിതം സൂചന **3** പ്രകാരം പുതിയ ശീർഷകങ്ങളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിരുന്നു.

2) മേൽ സാഹചര്യത്തിൽ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിനു **2024-25** സാമ്പത്തിക വർഷം റീ-ക്ലാസിഫിക്കേഷനെത്തുടർന്ന് പുതുതായി ആരംഭിച്ച **2401-00-188-99-00-31-NP** എന്ന ശീർഷകത്തിൽ നിന്നും **14.0994** ലക്ഷം രൂപയും **2401-00-188-99-00-36-NP** എന്ന ശീർഷകത്തിൽ നിന്നും **3.822** ലക്ഷം രൂപയും ചുവടെ ചേർക്കുന്ന

നിബന്ധനകൾ കർശനമായി പാലിച്ചുകൊണ്ടു സാധാരണ ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

1. ഫണ്ട് ബാങ്കിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ പാടില്ല.

2.ഫണ്ട് അനുവദിച്ചിരിക്കുന്ന നിശ്ചിത ആവശ്യത്തിനുമാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. യാതൊരു കാരണവശാലും ഫണ്ട് വകമാറ്റി ചെലവഴിക്കാൻ പാടില്ല.

3. ഇനം തിരിച്ചുള്ള ചെലവുകളുടെ സ്റ്റേററ്മെന്റും നിശ്ചിത പെർഫോമയിലുള്ള വിനിയോഗ സർട്ടിഫിക്കറ്റും (as per GO(Ms) No.4/2020-Fin dated 09/01/2020) അടുത്ത റിലീസിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

4.09/12/2008 തീയതിയിലെ സർക്കുലർ നം. 84/2008/ധന, 29/08/2009 തീയതിയിലെ സർക്കുലർ നം.75/2009/ധന, 31/01/2018 ലെ സർക്കുലർ നം. 08/2018/ധന, 04.01.2021 തീയതിയിലെ സർക്കുലർ നം.01/2021/ധന എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BALAGOPAL K K
ADDITIONAL SECRETARY

ഉത്തരവിൻ പ്രകാരം

Signed by Megha. R
Date: 29-11-2024 17:19:31
സെക്ഷൻ ഓഫീസർ

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വി.എഫ്.പി.സി. കെ, ,കാക്കനാട് കൊച്ചി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)./(എ&ഇ),കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി ഓഫീസ്, തിരുവനന്തപുരം.
ജില്ലാ ടഷറി ഓഫീസർ, ജില്ലാ ട്രഷറി, കാക്കനാട്, എറണാകുളം.
ധനകാര്യ (പിയു-ബി)വകുപ്പ് 26.11.2024 തീയതിയിലെ 868339/പിയു-ബി2/49/2018-ധന നമ്പർ.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യു മീഡിയ) വകുപ്പ്.
സ്റ്റാക്ക് ഫയൽ./ഓഫീസ് കോപ്പി [ഫയൽ നം.അഗ്രി-പി ബി 2 /294/2024 -അഗ്രി]